# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 15/05/ 2020

## മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 100 പേർക്കെതിരെ പോലീസ് കേസ്

കൊല്ലം : ലോക്-ഡൗൺ നിയന്ത്രണങ്ങൾ നിലവിലിരിക്കെ സർക്കാർ നിർദേശം ലംഘിച്ച് കൊല്ലം സിറ്റിയിലെ വിവിധ ഭാഗങ്ങളിൽ മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ ഇടപഴകിയതിന് 100 പേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ സഞ്ചരിച്ചതിനും പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിനുമായി 105 കേസുകൾ സിറ്റി പോലീസ് രജിസ്റ്റർ ചെയ്തു 118 പേരെ അറസ്റ്റ് ചെയ്യുകയും 62 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

ലോക്-ഡൗൺ നിബന്ധനകൾ നിലവിലിരിക്കെ പള്ളിത്തോട്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ പായിക്കട ജംഗ്ഷനിൽ ശുചീകരണ സംവിധാനങ്ങൾ ഒരുക്കാതെയും മാസ്ക് ധരിക്കാതെയും വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതിന് വവ്വാക്കാവ് സ്വദേശി രവീന്ദ്രൻ തൊടിയൂർ സ്വദേശികളായ നവാസ്,ബിനു എന്നിവരെ അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി തഴവയിൽ ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് പൊതുസ്ഥലത്ത് കൂട്ടം കൂടി കായികവിനോദത്തിലേർപ്പെട്ടതിന് 8 പേരെ അറസ്റ്റ് ചെയ്ത് അവരുടെ 8 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി സർക്കാർ നിർദേശ പ്രകാരം ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും പ്രവേശിപ്പിച്ചിരിക്കുന്നവർ നിരീക്ഷണ കേന്ദ്രങ്ങളിൽ നിന്ന് പുറത്ത് പോകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി സിറ്റി പോലീസിന്റെ നേതൃത്വത്തിൽ ശക്തമായ പരിശോധനകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ ക്വാറന്റൈനിൽ കഴിയുന്നവർ യാതൊരു കാരണവശാലും പുറത്ത് പോകരുതെന്നും ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവരും വ്യാപാര സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.

പരവൂർ ജനമൈത്രി പോലീസ് ഹാരിസ് സൂപ്പർ മാർക്കറ്റിന്റെ സഹായത്തോടെ പരവൂർ സ്റ്റേഷൻ പരിധിയിലെ 25 നിർധന കുടുംബങ്ങൾക്ക് പലവ്യഞ്ജനക്കിറ്റുകൾ വിതരണം ചെയ്തു.